For Private Circulation Only

February 2018

ആഗമനാരുണൻ

Vol.65

"എങ്കിലും യഹോവേ, ഞാൻ നിന്നിൽ ആശ്രയിച്ചു; നീ എന്റെ ദൈവം എന്നു ഞാൻ പറഞ്ഞു" (സങ്കീ. 31:14)

No.2

ദൈവത്തിലുള്ള വിശ്വാസത്തോടെ ഭാവിയെ നേരിടുക

By W.C.Moore

ഈ ദിവസങ്ങൾ വിവിധ നിലകളിൽ അന്ധകാരമയമാണ്. കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു. വഷളത്വവും തെറ്റുകളും ഞെട്ടിപ്പിക്കുന്ന തരത്തിൽ സകല മനുഷ്യരുടെയും ഇടയിൽ വർദ്ധിച്ചുവരുന്നു; അതിക്രമം മാരകമായ നിലയിൽ വർദ്ധിക്കുന്നു.; മഹാപാതകങ്ങളിൽ ഉൾപ്പെട്ട യുവലോകം; ഭീകരമായ നിലയിൽ കുടുംബങ്ങൾ തകരുന്നു; ഗർഭഛിദ്രവും കുട്ടികളോടുള്ള അതിക്രമവും വർദ്ധിക്കുന്നു; ദൈവത്തിനെതിരായി ചിന്തകൾ ഭീതിജനകമായ നിലയിൽ വർദ്ധിക്കുന്നു.; ദൈവവചനം വിശുദ്ധിയോടും ശക്തിയോടും ശുശ്രൂഷിച്ച സഭകൾ ലോകമയത്വത്തിലും ലോകവുമായുള്ള അനുരജ്ഞനത്തിലും ആയിത്തീർന്നിരിക്കുന്നു. വായനക്കാരായ നിങ്ങൾക്കും ഇതുപോലെ പുതിയകാര്യങ്ങൾ പറയാൻ കഴിയത്തക്ക നിലയിൽ വഷളത്വം വർദ്ധിക്കുന്നു.

ഒരു വിശ്വാസി എന്താണ് ചെയ്യേണ്ടത്?

"അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തു പോകും" (മത്താ. 24:12). അധർമ്മം പെരുകുന്നു എന്ന് പറഞ്ഞാൽ നാം അതിൽ ഉൾപെടുന്നു എന്നർത്ഥമില്ല പിന്നെയോ വാഴ്ത്തപ്പെട്ട കർത്താവിന്റെ മുമ്പാകെ അനേകരുടെ സ്നേഹം തണുത്തുപോകുന്നു എന്നാണ്. മുമ്പൊരിക്കലുമില്ലാത്ത വിധത്തിൽ ദൈവത്തിൽ ആശ്രയിച്ച് ഉപാധികൂടാതെ വിശ്വാസത്തോടെ ലക്ഷ്യത്തിലേയ്ക്ക് മുന്നേറുവാനും ഉള്ള ഒരു വെല്ലുവിളികൂടെയാണിത്.

ദൈവവചനം സൂചിപ്പിക്കുന്ന ഏറ്റം അപകടകരമായ ഒരു സമയമാണിത് (2 തിമൊ. 3:1-17). അധൈര്യപ്പെട്ടു പോകുവാനോ ഭയപ്പെട്ടുപോകുവാനോ ഉള്ള സമയമല്ലിത്. ഭീകരവും അപകടകരവുമായും ഈ നാളുകളെ നമുക്കുള്ള അവസരങ്ങളായി നാം കാണേണ്ടതാണ്. വിളിക്കപ്പെട്ട ദൈവമക്കളായ നാം കണ്ണടയ്ക്കുന്ന വരായിട്ടോ ഒട്ടകപ്പക്ഷിയെപ്പോലെ തല മണലിൽ പൂഴ്ത്തി വയ്ക്കുന്നതുപോലെയോ ഭീകരമായ ഈ അവസ്ഥയെ കണ്ടില്ലെന്ന് നടിക്കയോ ചെയ്യേണ്ട സമയമല്ലിത്.

ആളുകളുടെയിടയിൽ സാക്ഷികളാകുവാൻ ദൈവം നമ്മെ വിളിക്കുന്നു (അ.പ്ര. 1:8). ഒളിക്കുവാൻ ഒരു മറവിടം അന്വേഷിക്കുന്നവരായിട്ടല്ല, കർത്താവിനെ സാക്ഷിക്കുവാൻ ഒരു വ്യക്തിയെ കണ്ടുപിടിക്കുന്നവരായിരിക്കണം. നമ്മിലുള്ള വെളിച്ചത്തെ ഭീതി എന്ന് പറയിൻകീഴിൽ ഒളിച്ചുവയ്ക്കാനല്ല, നശിച്ചുപോകുന്ന മാനവജാതിയെക്കുറിച്ച് ചിന്തയുണ്ടായിരിക്കേണ്ടതാണ്. "അങ്ങനെതന്നെ മനുഷ്യർ "നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5:16).

ദൈവസ്നേഹത്തിന്റെ വെളിച്ചവും നമുക്ക് നൽകപ്പെട്ടിരിക്കുന്ന മഹാരക്ഷയുടെ നിർണ്ണയവും നാം സ്നേഹിക്കയും ആശ്രയിക്കയും ചെയ്യുന്ന ദൈവത്തിലുള്ള അചഞ്ചലമായ നമ്മുടെ വിശ്വാസവും ഭയവും നിരാശയുമുള്ള ജനത്തിന്റെ ഇടയിൽ പ്രകാശിപ്പാനും അവരെ ദൈവത്തിങ്കലേയ്ക്ക് തിരിക്കുവാനുമായി നമ്മെ ഏല്പിക്കുവാനുമുള്ള സമയമത്രേയിത്.

ദൈവത്തിന്റെ വിശ്വസ്തതയിന്മേലുള്ള പൂർണ്ണ വിശ്വാസം

അന്ധകാരം കൊടികുത്തി വാഴുന്ന ഈ സമയം പ്രശ്നകലുഷിതമായിരിക്കുമ്പോൾ തന്നേ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കേണ്ടതാണ്. സാഹചര്യങ്ങൾ, അവസ്ഥകൾ, പ്രയാസങ്ങൾ, ഉൾപ്പെടലുകൾ, അറിവില്ലായ്മകൾ, മടി, ഇരുളടഞ്ഞതും അപകടകരവുമായ സാഹചര്യങ്ങൾ, സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾ ഒന്നും ദൈവത്തിന് പ്രയാസമുള്ള കാര്യങ്ങളല്ല. എല്ലാം ദൈവം അറിയുന്നു. "അവിടുന്ന് നമുക്കായി കരുതുന്നു" (1പത്രൊ. 5:7). "ദൈവത്തിന് അസാധ്യമായത് ഒന്നുമില്ല" (യിരെ. 32:17, മത്താ. 19:26).

പ്രതികൂല സാഹചര്യങ്ങളെ നേരിടുമ്പോൾ, കുഴങ്ങിയ പ്രശ്നങ്ങൾ വരുമ്പോൾ, വഴങ്ങാത്ത തടങ്ങൾ വരുമ്പോൾ ദു:ഖകരമായ പരിശോധനകൾ വരുമ്പോൾ, വലിയ ആവശ്യങ്ങൾ വരുമ്പോൾ ഭീകരമായ ചുമതലകൾ വരുമ്പോൾ, ഭീതിയും ചഞ്ചലവും വരുമ്പോൾ ഭയപ്പെടാതെ സന്തോഷിക്കണം! എല്ലാറ്റിനെക്കാളും ദൈവം വലിയവനാണ്. അവിടുന്ന് നമ്മെ സ്നേഹിക്കുന്നു. അംഗീകരിപ്പാനും ആശ്രയിപ്പാനും അവിടുന്ന് നമ്മുടെ ദൈവമാണ്. നമ്മെ ഭയപ്പെടുത്തുന്ന ഏതു പ്രശ്നത്തെക്കാളും നമ്മുടെ ദൈവം വലിയവനാണ്.

നമ്മുടെ വഴിയിൽ അസാദ്ധ്യതകളെ കാണുമ്പോൾ നാം സന്തോഷിക്കണം. അതിന്മേലുള്ള ദൈവപ്രവൃത്തി നാം കാണുമ്പോൾ സ്വർഗ്ഗത്തിലെ ദൈവം ഭൂമിയിൽ നമ്മെ സഹായിപ്പാൻ വരുന്ന പ്രവൃത്തി നാം കാണുമ്പോൾ കൂടുതൽ സന്തോഷത്തോടെ ദൈവത്തെ മഹത്വപ്പെടുത്തുവാൻ നമുക്കു കഴിയുമല്ലോ.

ഒരിക്കലും ഹൃദയത്തിലോ മനസിലോ ഭയമുള്ള മനോഭാവത്തോടെ

(ശേഷം 5-ാംപേജിൽ)

പരിശോധനകളെ നേരിടുന്ന ക്രിസ്തീയ മാർഗ്ഗം

By D. Martyn Lloyd-Jones

"അതിൽ നിങ്ങൾ ഇപ്പോൾ അല്പനേരത്തേയ്ക്ക് നാനാപരീക്ഷകളാൽ ദു:ഖിച്ചിരിക്കേണ്ടിവന്നാലും ആനന്ദിക്കുന്നു"(1പത്രൊ. 1:6).

കർത്താവായ യേശുവിനുവേണ്ടി എത്രത്തോളം ജീവിക്കുവാൻ അടുത്തുചെല്ലുമോ അത്രത്തോളം പ്രശ്നങ്ങളും ജീവിതത്തിലുണ്ടാകുന്നു എന്നുള്ളത് വേദപുസ്തകത്തിൽ നിന്നും മനസ്സിലാവുന്ന ഒരു പ്രമാണമാണ്. കർത്താവിനെ നോക്കുക. അവിടുന്ന് പാപം ചെയ്തില്ല അവിടുത്തെ വായിൽ കപടം ഇല്ലായിരുന്നു. രോഗികളെ സൗഖ്യമാക്കുവാൻ അവിടുന്ന് സമയം ചെലവഴിച്ചു. നന്മ ചെയ്യുകയും പ്രസംഗിക്കയും ചെയ്തു. എന്നാൽ ധാരാളം പരിസോധനകൾ കർത്താവിന് നേരിടേണ്ടിവന്നു. എന്തുകൊണ്ട്? താൻ ആരായിരുന്നു എന്നതിന്റെ വെളിച്ചത്തിലാണ്. ലോകം യേശുവിനെ വെറുക്കുന്നു. ദൈവമക്കളേയും കാരണം ആ വിശുദ്ധ സത്യം അവർ വെറുക്കുന്നു. ലോകം അതിനെ ഇഷ്ടപ്പെടുന്നില്ല, കാരണം അത് അവർക്ക് സുഖകരമല്ല.

ദുഷ്ടന്റെ കയ്യാൽ ലോകത്തിന്റെ പ്രവൃത്തി എന്ത് എന്ന് അപ്പോസ്തലന്മാർ അറിഞ്ഞിരുന്നു. അപ്പോസ്തലനായ പത്രോസ് അത് അറിഞ്ഞതിനെ 1പത്രൊസ് 4:3,4 വാക്യങ്ങളിൽ വ്യക്തമാക്കുന്നു. " കാമാർത്തികളിലും മോഹങ്ങളിലും വീഞ്ഞുകുടിയിലും വെറികൂത്തുകളിലും മദ്യപാനത്തിലും, ധർമ്മവിരുദ്ധമായ വിഗ്രഹാരാധനയിലും നടന്ന് ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ട് കാലം പോക്കിയത് മതി ".

ലോകത്തെ വിട്ട് ക്രിസ്തീയ ജീവിതം നയിക്കുന്ന ആളുകൾ പലപ്പോഴും ഉപദ്രവിക്കപ്പെടുന്നു, കാരണം അവർ ലോകത്തിലെ ജാതികളുടെ പ്രവൃത്തികളെ വിട്ടുകളഞ്ഞിരിക്കുന്നു എന്നതുകൊണ്ട് തന്നെയാണ്. ക്രിസ്ത്യാനിയായിത്തീർന്നതുമുതൽ പ്രശ്നങ്ങളും ആരംഭിക്കുകയാണ്.

മുമ്പ് സുഹൃത്തുക്കളായിരുന്നവർ പഴയ ജീവിതം വിട്ട് ക്രിസ്തീയ ജീവിതത്തിലേയ്ക്ക് വന്ന കാരണത്താൽ വെറുക്കുകയും,വിമർശിക്കുകയും ദയയില്ലാതെ പെരുമാറുകയും തിന്മ പ്രവർത്തിക്കയും ചെയ്യുന്നു.

അവരെ ദു:ഖപ്പിക്കുന്ന കാര്യങ്ങളിലൊന്നായിരുന്നു ഇത്. അവർ അതിൽ ഭാരമുള്ളവരായിരുന്നു. ഇതെല്ലാം അവർക്ക് സഹിക്കേണ്ടിവന്നു. സ്നേഹിക്കുന്നവരും പ്രിയപ്പെട്ടവരുമായവരിൽ നിന്നും ഇതെല്ലാം സഹിക്കേണ്ടി വന്നു. നൂറ്റാണ്ടുകൾ അവർ പീഢകളിലൂടെ കടന്നുപോയി. അന്യരിൽ നിന്നും മാത്രമല്ല സ്വന്തക്കാരിൽ നിന്നും പ്രിയപ്പെട്ടവരിൽ നിന്നും പ്രതികൂലങ്ങൾ നേരിട്ടു. ചിലർ കുടുംബങ്ങളിൽ നിന്നും ഏകരായി വിശ്വാസത്തിനുവേണ്ടി ഇറങ്ങിത്തിരിച്ചവരാണ്. ലോകം അവർക്ക് യോഗ്യമായിരുന്നില്ല.

(ശേഷം 4-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം. "ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ടു എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ. 16:33)

2018-ാം വർഷത്തിന്റെ ജനുവരി മാസം നമ്മെ വിട്ട് കടന്നുപോയി. ഫെബ്രുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ലോകത്തിൽ ജീവിക്കുന്ന എല്ലവാർക്കും കഷ്ടതകളും വേദനകളും നേരിടേണ്ടി വരും. പ്രത്യേകിച്ച് ദൈവഭയത്തോടുകൂടെ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ വലിയ കഷ്ടം അനുഭവിക്കുന്നു എന്നു നാം വ്യക്തമായി കാണുന്നു. " ക്രിസ്തു നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു. നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു".

നമുക്ക് ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കുവാൻ കഴിയുന്നുവെങ്കിൽ നാം അനുഗ്രഹീതരാണ്. കഷ്ടത അനുഭവിക്കുന്ന ദൈവത്തിന്റെ മക്കളെ അവരുടെ കഷ്ടതകളിൽ നിന്നും വിടുവിച്ച് സന്തോഷപ്രദമായ ഒരു ജീവിതം നൽകി. അവരെ അനുഗ്രഹിക്കും. നാം ഈ ലോകം വിടുമ്പോൾ ഒന്നും കൊണ്ടു പോകാൻ സാധിക്കയുമില്ല. എന്തെല്ലാം കഷ്ടതകളും ശോധനകളും പീഢകളും നമ്മെ അലയടിച്ചാലും നമ്മുടെ മനസ്സ് ദിവ്യ ധൈര്യത്താൽ നിറയപ്പെടുകയും എല്ലാ സാഹചര്യങ്ങളെയും നിങ്ങൾ ശാന്തമായി നേരിടുകയും ചെയ്യുക. അതിന് ദൈവം നിങ്ങൾക്ക് കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ ***IFSC code SBIN 0070028 A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ശക്തമായ വിശ്വാസം ദൈവത്തിന്റെ ഇഷ്ടത്തെ യാഥാർത്ഥ്യമാക്കുന്നു.

By Charles H. Spurgeon

"ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു" (ഉല്പ. 17:1).

യഥാർത്ഥമായ വിശ്വാസം സർവശക്തനായ ദൈവത്തിന്റെ ഇഷ്ടമെല്ലാം നിവർത്തിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ രഹസ്യവും അതാണ്. മറഞ്ഞിരിക്കുന്ന മന്നയാൽ ആ വിശ്വാസം പരിപോഷിപ്പിക്കപ്പെടുന്നു. തന്റെ ഇഷ്ടമെല്ലാം നിവർത്തിക്കുവാൻ തക്കവണ്ണം ദൈവം സർവ്വശക്തനാണ്. പ്രതിസന്ധികളുടെ നടുവിലും അത്ഭുതകരമായി തന്റെ വഴികളെ തികെച്ചെടുക്കുവാൻ തക്കവണ്ണം അവിടുന്ന് സർവ്വശക്തനാണ്. നാം പരാജയപ്പെടുവാൻ അവിടുന്ന് ഒരു നാളും സമ്മതിക്കയില്ല. ദൈവം സർവ്വശക്തനായ ദൈവമാണ്. ലളിതമായി പറഞ്ഞാൽ, സത്യം നമുക്ക് സംസാരിപ്പാനുള്ളതാണ്. അത് നിങ്ങൾക്ക് കേൾക്കാനുള്ളതാണ്. അത് ആഴമുള്ളതാണ്. അത് ആഴമേറിയ മർമ്മങ്ങളാണ്. അതിലെ സത്യങ്ങളെ ഗ്രഹിക്കാനും അതിൽ വസിപ്പാനും നമുക്കു കഴിഞ്ഞു, ജീവിതത്തിന്റെ എല്ലാ ഇടപെടലുകളിലും അത് അത്ഭുതകരമായ സ്വാധീനം ചെലുത്തുന്നു.

ഈ വാക്ക് പ്രശ്നങ്ങളിലും പരിശോധനകളിലും ആയിരിക്കുന്നവർക്ക് പ്രയോജനമുള്ളതാണ്. ആ പരിശോധനകൾ ജീവിതത്തിൽ ഭയമുളവാക്കുന്നു. ആശങ്കയുളവാക്കുന്നു. ചില സമയങ്ങളിൽ നമുക്കു മുന്നിൽ ഭാവി ഇരുളുന്നതുപോലെ തോന്നുന്നു. നമുക്ക് അറിയാം പരീക്ഷകൾ നിശ്ചയമായും വരണം, പക്ഷേ നാം അതിൽ ഭയമുള്ളവരാണ്. എന്നാൽ നമുക്ക് വാഗ്ദത്തമുണ്ട് "ആറു കഷ്ടങ്ങളിൽ നിന്നും ഞാൻ നിന്നെ വിടുവിക്കും. ഏഴാമത്തെതിലും തിന്മ നിന്നെ തൊടുകയില്ല" (ഇയ്യോ. 5:19) " ഞാൻ സർവ്വശക്തനായ ദൈവം കൂരിരുൾതാഴ് വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല " (സങ്കീ. 23:4). ദൈവമക്കളേ എന്തിനാണ് നാം ഭയപ്പെടുന്നത്? അവിടുന്നു ഒന്നിനും കുറവില്ലാതെ നൽകുന്നു. അവിടുത്തേയ്ക്ക് കീഴ്പ്പെടുത്തുവാൻ കഴിയാത്ത ഒരു ശത്രുവുമില്ല.

അകത്തെ പോരാട്ടങ്ങൾ

നമ്മുടെ ആത്മീക ജീവിതത്തിലെ സമ്മർദ്ദങ്ങളിലും മേൽപറഞ്ഞ വചനങ്ങൾ പ്രയോജനകരമായിരിക്കുന്നു. അകമേയുള്ള പോരാട്ടങ്ങൾ വാസ്തവത്തിൽ പുറമേയുള്ളതിനെക്കാൾ ശക്തമാണ്. ദൈവമനുഷ്യൻ അത് നല്ലവണ്ണം അറിയുന്നു. ദൈവം നമ്മുടെ ഉള്ളിൽ കൃപ ധാരാളമായി പകരുന്നു, അത് നാം അറിയണം. നമ്മുടെ തെറ്റുകുറ്റങ്ങൾ പ്രകൃത്യാലുള്ള വീഴ്ചകൾ നാം നന്നായി അറിയുന്നു. പൊതുവേ നാം പ്രശ്നങ്ങളിലായിരിക്കുന്നു, കർത്തവ്യങ്ങൾ മറക്കുന്നു. അവസരങ്ങളെ നഷ്ടമാക്കുന്നു. നാം അറിഞ്ഞ കർത്താവിനെ പലപ്പോഴും സംശയിക്കുന്നു.!

ഒരു പക്ഷേ സാത്താൻ ആ സമയത്ത് നമ്മെ ആക്രമിക്കയും ഒരു സമയത്തേയ്ക്ക് അവന്റെ കാൽക്കീഴിൽ വീഴുകയുമായിരിക്കാം. അങ്ങനെ ഒരിക്കലും ഉണ്ടാകരുത്. നമ്മുടെ പ്രയാസ വേളകളിൽ ദൈവത്തെ സംശയിക്കുന്ന സമയം വരുമ്പോൾ, ഓർക്കുക, നമ്മുടെ ദൈവം ഇന്നും എപ്പോഴും എല്ലാറ്റിനും മതിയായ ദൈവമാണ്. നമ്മിൽ വ്യാപരിക്കുന്ന രക്ഷണ്യ ശക്തി വേഗത്തിൽ നമ്മുടെമേൽ വ്യാപരിക്കുന്നു, ആ കരത്തിൽ നാം ആശ്രയിക്കുമ്പോൾ, അതിന്റെ നാഡീഞരമ്പുകൾ ഒരിക്കലും മുറിഞ്ഞുപോകാത്തതത്രേ. നമ്മുടെ ദൈവം മാറ്റമില്ലാത്ത ദൈവമത്രേ, സർവ്വശക്തിനായ ആ ദൈവത്തിന്റെ സ്നേഹം ഒരിക്കലും അറ്റുപോകുന്നില്ല. പിന്നെ എന്തിനു നാം അധൈര്യപ്പെടണം? ദൈവം അരുളിചെയ്യുന്നു, ഞാൻ സർവ്വശക്തനായ ദൈവം. അതുകൊണ്ട് ശത്രുവിനോട് പറയുക.

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കോ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(3-ാം പേജിന്റെ തുടർച്ച)

ശക്തമായ വിശ്വാസം ദൈവത്തിന്റെ ഇഷ്ടത്തെ യാഥാർത്ഥ്യമാക്കുന്നു.

എന്നെച്ചൊല്ലി സന്തോഷിക്കേണ്ടാ, വീണു എങ്കിലും ഞാൻ വീണ്ടും എഴുന്നേൽക്കും" (മീഖാ. 7:8).

പ്രയാസങ്ങളും തീവ്രമായ ദു:ഖങ്ങളും

പ്രിയരേ, നമുക്ക് താല്ക്കാലികമായ പ്രശ്നങ്ങളും ആത്മാവിൽ ദു:ഖങ്ങളും ഒരേ സമയത്ത് ഉണ്ടാകാറില്ലേ? ഈ രണ്ട് സമുദ്രതാളുടെ ഒത്തു ചേരൽ ഉണ്ടാകുമ്പോൾ കപ്പിത്താൻ ഒരു കപ്പൽ ചേതത്തെ മുന്നിൽ കാണുന്നു, എന്നാൽ ഇതാ, വെള്ളത്തിന്മേൽ നടന്ന് നമ്മുടെ കർത്താവ് വന്ന് പറയുന്നു, ഞാൻ നിങ്ങൾക്ക് മതിയായ ദൈവം. മുമ്പും കൊടുങ്കാറ്റുകൾ ഉണ്ടായിട്ടില്ലേ? അതിനെ നിയന്ത്രിപ്പാൻ നമ്മുടെ ദൈവം ഇറങ്ങിവന്നിട്ടില്ലേ? പാതാളത്തിന്റെ ശക്തികൾ അഴിഞ്ഞാടിയപ്പോൾ സഹായത്തിനായി നമ്മുടെ ദൈവം വന്നിട്ടില്ലേ? ചങ്ങലയിൽ ബന്ധിച്ച് തന്റെ ശക്തിയെ തടഞ്ഞ ദൈവപ്രവൃത്തിയെ കണ്ടിട്ടില്ലേ? ഇതാ ആകാശ മേഘങ്ങളെ വാഹനമാക്കി കാറ്റിൻ ചിറകിൻമേൽ യഹോവ എഴുന്നെള്ളുന്നു. ഭയപ്പെടേണ്ട അതുകൊണ്ട് സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് കത്തുന്ന തീയെ ചക്രങ്ങളിലാക്കി തന്റെ രഥത്തിൽ സഞ്ചരിക്കുന്നു. കൊടുങ്കാറ്റുകൾക്ക് നടുവിൽ ആധികാരമിട്ട് വാഴുന്നു. ഇരുട്ടിനെ ഭയപ്പെടരുത്. അവിടെ തന്റെ മിന്നൽ വെളിച്ചം തിളങ്ങുന്നു. എല്ലാക്കാലത്തും ദൈവത്തിൽ ആശ്രയിപ്പിൻ. ദൈവത്തിന്റെ മഹത്വമുള്ള നാമത്തെ അവിശ്വസിക്കുന്ന നിങ്ങളെ മലിനമാക്കുന്ന യാതൊരു ഭയങ്ങളും നിങ്ങളെ തൊടാതിരിക്കട്ടെ.

മരണത്തിലും നിത്യതയിലും

അതെ, നിങ്ങളുടെ ശരീരത്തിൽ നിങ്ങൾ അവസാനിക്കേണ്ടതായ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരിക്കാം. നിങ്ങളുടെ ശരീരം കാലപ്പഴക്കം കൊണ്ട് ഇടിഞ്ഞു വീഴാറായ ഒരു വീടു പോലെ ദീർഘകാലമായ രോഗത്താൽ ക്ഷീണിച്ചിരിക്കാം. എന്നാൽ എല്ലാറ്റിനും മതിയായ ദൈവം കൂടെയുണ്ട്. മരണക്കിടക്കയ്ക്കപ്പുറത്ത് അവൻ മതിയായ ദൈവമാണ്. അറിയപ്പെടാത്ത വഴിയിലൂടെയുള്ള ആ യാത്രയെ ഭയപ്പെടരുത്. ഭയങ്കരമായ ദൈവസിംഹാസനത്തെ അഭിമുഖീകരിക്കുന്നതിനെ ഭയപ്പെടരുത്, നിത്യതയുടെ എല്ലാ മർമ്മങ്ങളെ സംബന്ധിച്ചും അവിടുന്ന് മതിയായ ദൈവമാണ്. ന്യായവിധിയുടെ ഇടിമുഴക്കിലും, ദൈവകോപത്തിന്റെ ഭയാനകതയിലും നരകത്തിന്റെ ഭീകരതയിലും നമ്മുടെ ദൈവം മതിയായ ദൈവമാണ്. ലോകത്തിന്റെ ഭീകരതകളെ, സംഭവങ്ങളെ ഭയപ്പെടരുത്, ദൈവം അതിനെ ഇല്ലാതാക്കുന്നു. ലോകവും അതിലെ സകലവും ഇല്ലാതാവുമ്പോൾ അതിലെ മൂലകങ്ങൾ കഠിനമായ ചൂടിനാൽ വെന്തുരുകുമ്പോൾ ഒളിക്കുവാൻ ഒരു മറവിടം ഇല്ലാതിരിക്കുമ്പോൾ ദൈവത്തിൽ ആശ്രയിക്കുന്ന തന്റെ ഭക്തനു ആത്മാവിനെയും ശരീരത്തേയും അന്ത്യംവരെയും കാത്തു രക്ഷിക്കുന്നു, എന്നേയ്ക്കും ജീവിക്കുന്ന വീണ്ടെടുപ്പുകാരൻ കൂടെയുണ്ടല്ലോ!

നമ്മുടെ ഉറപ്പുള്ള പാറ

പ്രിയരേ, നാം ആശ്രയിക്കുന്ന ഉറപ്പുള്ള പാറ കൂടെയുണ്ട്, ആ കല്ല് ഉരുട്ടി നമ്മുടെ സംശയവിചാരങ്ങളുടെമേൽ വയ്ക്കണം, അത് ഇനി ഒരിക്കലും എഴുന്നേറ്റ് വരരുത്. സാധാരണയിലും താണ ഒരു മനുഷ്യനിൽ നാം ആശ്രയിച്ചാൽ, നാം ലജ്ജിച്ചു പോകുമായിരുന്നു. എന്നാൽ ദൈവത്തിൽ നാം ആശ്രയിക്കുമ്പോൾ എന്തിന് ഭാരപ്പെടണം? നിങ്ങളുടെ ഭാരം, മാറിപ്പോകുന്ന ഒരു മനുഷ്യന്റെ മേൽവച്ചാൽ ഇന്ന് സ്നേഹിക്കയും നാളെ വെറുക്കുകയും ചെയ്യുന്ന ഒരു മനുഷ്യന്റെയോ മറ്റൊരു സൃഷ്ടിയുടെ മേലോ വച്ചാൽ, നിശ്ചയമായും നാം നിരാശരായിത്തീരും. എന്നാൽ ദൈവസ്നേഹം നിത്യമായത്, തന്റെ ശക്തി എന്നേയ്ക്കുമുള്ളത്. പിന്നെയെന്തിന് അധൈര്യപ്പെടണം. നമ്മുടെ ആത്മാവിന്റെ പ്രത്യാശ പണിയപ്പെട്ടിരിക്കുന്നത്, മാറ്റമില്ലാത്ത ഉറപ്പുള്ള പാറമേലാണ്. അതുകൊണ്ട് നമുക്ക് ആ ഉറപ്പുണ്ടായിരിക്കും. "അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും. അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേക്ഷിക്കും ഞാൻ അവന് ഉത്തരമരുളും കഷ്ടകാലത്ത് ഞാൻ അവനോടുകൂടെയിരിക്കും. ഞാൻ അവനെ വിടുവിച്ച് മഹത്വപ്പെടുത്തും" (സങ്കീ. 91;14,15).

" എന്റെ ആത്മാവേ നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നത് എന്ത്? ദൈവത്തിൽ പ്രത്യാശവയ്ക്കുക". മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ വിശ്വസിക്കരുത്. അപ്പോൾ നിങ്ങളുടെ വെളിച്ചം പകൽ പോലെ പ്രകാശിക്കും. സ്വർഗ്ഗത്തിലെ മഞ്ഞ് പൊഴിയുകയും സന്തോഷവും ഉല്ലാസവും പ്രാപിക്കയും ചെയ്യും. നീതിമാന്മാരേ കർത്താവിൽ സന്തോഷിപ്പിൻ, ഹൃദയപരമാർത്ഥികൾ എല്ലാവരുമായുള്ളോരേ ഉല്ലസിപ്പിൻ. ഉറപ്പുള്ള പാറയാം ദൈവം അരുളിച്ചെയ്യുന്നു, ഞാൻ സർവ്വശക്തനായ ദൈവം.

❖

(2-ാം പേജിന്റെ തുടർച്ച)

പരിശോധനകളെ നേരിടുന്ന ക്രിസ്തീയ മാർഗ്ഗം

അതായത് ഒരു വിശ്വാസി ബഹുവിധമായ കഷ്ടതകളെ നേരിട്ടുകൊണ്ടിരുന്നു. കാലം വളരെ ചുരുക്കമാണ്. അതിന്റെ അർത്ഥം ലോകത്തിലെ ഒന്നും നമ്മെ ഭയപ്പെടുവാനില്ല. കാരണം ലോകത്തിലെ യാതൊരു ശക്തിക്കും നമ്മെ വിശ്വാസത്തിൽ നിന്നും പിന്തിരിപ്പിക്കാൻ കഴിയാതവണ്ണം ദൈവവുമായുള്ള ബന്ധം വലുതാണ്. അപ്പോസ്തലന്മാർ എങ്ങനെയാണ് സാഹചര്യങ്ങളെ നേരിട്ടത്. അവർ വളരെ ധൈര്യമുള്ളവരായിരുന്നു. ഏറ്റവും സന്തോഷകരമായ ഒരു അനുഭവം നേരിടുമ്പോൾ, നമ്മെ ദു:ഖിപ്പിക്കുന്ന കാര്യങ്ങൾ അതിനിടയിൽ കയറിവരുന്നു. എന്നാൽ ധൈര്യത്തോടെ മാത്രം നാം അതിനെ സമീപിക്കുന്നു.

കാരണം അന്വേഷിക്കുക.

എന്താണ് അപ്പോസ്തലന്മാരുടെ പഠിപ്പിക്കലുകൾ. ഒന്നാമതായി അവർ വയ്ക്കുന്ന തത്വം, എന്തുകൊണ്ടാണ് ഈ കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ സംഭവിച്ചിരിക്കുന്നത്. നമ്മിലുള്ള അപകടം എന്നത്, ഒരു പിറുപിറുപ്പോ ഞെരുക്കമോ, ഭയമോ, ഒരു മറുപടിയോ കൂടാതെ കാര്യങ്ങളെ വിവേചിക്കാതെ അനുവദിക്കുന്നു എന്നുള്ളതാണ്. നമുക്കു കണ്ടുപിടിക്കുവാൻ കഴിയുന്ന കാര്യങ്ങളാണെങ്കിൽ എന്തുകൊണ്ട് അത് അങ്ങനെ ജീവിതത്തിൽ വന്നു എന്ന് ആരായേണ്ടതാണ്.

(ശേഷം 6-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

ദൈവത്തിലുള്ള വിശ്വാസത്തോടെ ഭാവിയെ നേരിടുക

നാം ചെയ്യേണ്ട പ്രവൃത്തികളെ, പ്രതിസന്ധികളെ നേരിടരുത്. ചില സന്ദർഭങ്ങളിൽ തക്കസമയത്ത് ഒരു മറുപടി കാണുവാൻ കഴിയാതെ ദൈവം നമ്മെ കൈവിട്ടതുപോലെ തോന്നിയാലും ഭയപ്പെട്ടു പോകരുത്. “പ്രിയമുള്ളവരേ നിങ്ങൾക്ക് പരീരക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വ കാര്യം നിങ്ങൾക്ക് വന്നു കൂടി എന്നു വച്ച് അതിശയിച്ചു പോകരുത് ” (1പത്രൊ. 4:12).

ഒരു പ്രശ്നം നേരിടുമ്പോൾ ഭയപ്പെട്ട് ഓടുന്ന ഒരു മൃഗത്തെപ്പോലെ ആയിത്തീരാതെ ആത്മവിശ്വാസത്തോടുകൂടെ നേരിടുമ്പോൾ ദൈവത്തിന്റേ വിശ്വസ്തയും പ്രകൃത്യാതീതമായ ശക്തിയും രുചിച്ചറിയാനുള്ള അവസരമായി ദൈവം മാറ്റും. “ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും പ്രാർത്ഥനയാലും നിങ്ങലുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത് ”(ഫിലി. 4:6).

നേരോടെ ജീവിക്കുക.

ജീവിതത്തിന്റെ ഒടുവിൽ വരെ ദൈവത്തിന്റെ സഹായം നമ്മോടുകൂടെയിരിക്കും. ദൈവവചനപ്രകാരം ദൈവത്തിന്റെ ഇഷ്ടത്തിന്റെ വഴിയിലാണോ നാം എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതായത്, നാം പാപത്തിൽ ജീവിക്കുന്നില്ല എന്നും, ദൈവവചനത്തെ അവിശ്വസിക്കുന്നതുമൂലം നാം ദൈവത്തെ ദു:ഖിപ്പിക്കുന്നില്ല എന്നും മറ്റു വിശ്വാസികളെ വിമർശിക്കുന്നില്ല എന്നും, ഉത്തരവാദിത്വമില്ലായ്മ ആസക്തി, വഞ്ചന, മറ്റുള്ളവരെ വെറുക്കുക എന്നി വഴിയോ മറ്റെതെങ്കിലും പാപപ്രവൃത്തികളിലോ ജീവിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

“ പ്രിയമുള്ളവരേ, ഹൃദയം നമ്മെ കുറ്റംവിധിക്കുന്നു എങ്കിൽ നമുക്ക് ദൈവത്തോടു പ്രഗൽഭ്യം ഉണ്ട്. അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവന് പ്രസാദമുള്ളത് നാം ചെയ്യുന്നത് കൊണ്ട് എന്ത് യാചിച്ചാലും അവങ്കൽ നിന്ന് ലഭിക്കും” (യോഹ. 3:20,21)

ഭയപ്പെടരുത്

അത്ഭുതവാനായ നമ്മുടെ കർത്താവ് വ്യക്തമായി അരുളിചെയ്തിരിക്കുന്നത്. ഭയപ്പെടരുത് (2ലൂക്കോ. 8:50). അതുകൊണ്ട് ശ്രദ്ധയോടെ പൂർണ്ണ ഹൃദയത്തോടെ ഗുരുവിന്റെ കല്പന നമുക്ക് അനുസരിക്കാം. ഭയത്തെയും അവിശ്വാസത്തെയും ദുഷ്ടതയെയും വെറുക്കാം. “തീയതിനെ വെറുത്ത് നല്ലതിനോട് പറ്റിക്കൊൾവിൻ ” (റോമർ. 12:9).

“ മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല; ദൈവത്തിന്റെ വായിൽ നിന്നും വരുന്ന സകലവചനങ്ങൾ കൊണ്ടും ജീവിക്കുന്നു (മത്താ. 4:4). അതുകൊണ്ട് ദൈവവചനത്താൽ പോഷിപ്പിക്കപ്പെടണം. ദൈവവചനം ധ്യാനിക്കണം. ആത്മാവും ശരീരവും പോഷിപ്പിക്കപ്പെടണം. ദൈവത്തിന്റെ ഇഷ്ടം അറിയുവാനും, ദൈവഇഷ്ടത്തിന്റെ വഴിയിൽ നാം ശക്തന്മാരാകുവാനും ദൈവവചനം വായിക്കയും ധ്യാനിക്കയും ചെയ്യേണ്ടതിന് സമയമെടുക്കണം, സമയം കണ്ടെത്തണം, സമയം ഉപയോഗിക്കണം.

നമ്മുടെ ശരീരത്തിന്റെ പോഷണത്തിനായി ഭക്ഷണം കഴിക്കുന്നതിനേക്കാൾ ശ്രദ്ധ ദൈവവചന വായനക്കും ധ്യാനത്തിനും കൊടുക്കേണ്ടതാണ്. വാർത്താ മാധ്യമങ്ങൾ എന്തു പറയുന്നു എന്നതിനേക്കാൾ മറ്റുള്ളവർ എന്തു പറയുന്നു എന്നതിനേക്കാളുപരി ദൈവം എന്തു പറയുന്നു എന്നറിയുവാൻ ദൈവവചനം വായിക്കുകയും കൂടുതലായി ധ്യാനിക്കുകയും ചെയ്യണം.

അന്ധകാരത്തിലും ദൈവത്തിൽ ആശ്രയിക്കണം

അബ്രഹാം യിസഹാക്കിന്റെ ജനനത്തിനു വേണ്ടി വിശ്വാസത്തോടെ വർഷങ്ങൾ കാത്തിരുന്നു. അതുകൊണ്ട് നാം മനസ്സിലേക്കേണ്ടത് പ്രാർത്ഥനയുടെ മറുപടി താമസിച്ചാലും നാം വിശ്വാസത്തോടെ കാത്തിരിക്കുവാൻ പഠിക്കണം എന്നാണ്. അന്ധകാരത്തിലും ദൈവത്തിൽ ആശ്രയിക്കാൻ നാം പഠിക്കണം.

“നിങ്ങളിൽ യഹോവയെ ഭയപ്പെടുകയും അവന്റെ ദാസന്റെ വാക്കു കേട്ടനുസരിക്കയും ചെയ്യുന്നവനാർ? തനിക്ക് പ്രകാശം ഇല്ലാതെ അന്ധകാരത്തിൽ നടന്നാലും അവൻ യഹോവയുടെ നാമത്തിൽ ആശ്രയിച്ച് തന്റെ ദൈവത്തിന്മേൽ ചാരിക്കൊള്ളട്ടെ ” (യെശ. 50:10).

അന്ധകാരത്തിലും തന്റെ രക്ഷിതാക്കളിൽ ആശ്രയിക്കാൻ ഒരു കുട്ടി പഠിക്കേണ്ടതല്ലയോ? പൂർണ്ണവും സൗജന്യവും ആയ രക്ഷയെ ദൈവപുത്രനിൽ ഉള്ള വിശ്വാസത്താൽ നമുക്ക് നൽകി. യേശുവിന്റെ രക്തത്താൽ നമ്മുടെ പാപങ്ങളെ കഴുകി ശുദ്ധീകരിച്ച് ദൈവത്തിൽ നാം ആശ്രയിച്ച് കാത്തിരിക്കേണ്ടതാണ്. അല്പ സമയത്തേക്ക് നാം അന്ധകാരത്തിൽ ഇരിക്കേണ്ടി വന്നാലും നമ്മെ വിളിച്ച സർവ്വശക്തനായ ദൈവത്തിനായി വിശ്വാസത്തോടെ കാത്തിരിക്കേണം.

ദാവീദ് എപ്പോഴും കുന്നിൻ മുകളിൽ ആയിരുന്നുവോ? പൗലൊസ് പ്രശ്നങ്ങളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും ഒഴിഞ്ഞിരുന്നുവോ? (വായിക്കുക: 2കൊരി. 11:23-33; 12:1-10; ഫിലി. 4:13). ദൈവത്തോട് നമുക്കുള്ള സ്നേഹത്തിന്റെ അളവിനെയും ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ അളവിനെയും പരിശോധിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? റോമലേഖനം 8:28 -ൽ കാണുന്ന സകലവും എന്ന പദം ശ്രദ്ധിക്കുക: “എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു ” (റോമർ 8:28).

നമ്മുടെ ഉള്ളിന്റെ ഉള്ളിൽ നിന്നുള്ള ഒരു കുട്ടിയെപ്പോലെ ദൈവത്തിൽ ആശ്രയിക്കുന്ന, മനോഭാവം ദൈവത്തിന്റെ ഹൃദയത്തെ സന്തോഷിപ്പിക്കും. വർഷങ്ങൾക്ക് മുമ്പ് ഞാൻ ചിന്തിച്ചുകൊണ്ടിരുന്നത്, വിശ്വാസം ഉള്ളവരായിരിക്ക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. വിശ്വസിക്കുക എന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. പെട്ടെന്ന് കർത്താവ് എന്റെ ഹൃദയത്തോട് സംസാരിച്ചു. വിശ്വസിക്കുക എന്നത് പ്രയാസമേറിയ ഒരു കാര്യമല്ല. ഒരു കുട്ടിക്കു പോലും അത് കഴിയും, എന്നാൽ നീ അങ്ങനെ ആശ്രയിക്കുന്നില്ല. എന്നാൽ വർഷങ്ങളായി ആ വാക്കുകൾ എനിക്ക് പ്രചോദനവും അനുഗ്രഹവുമായിരിക്കുന്നു.

“പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക സ്വന്ത വിവേകത്തിൽ ഊന്നരുത് ” (സദൃ. 3:5). നാം ഈ വചനം അനുസരിക്കുമ്പോൾ, പൂർണ്ണ ഹൃദയത്തോടെ കർത്താവിൽ ആശ്രയിക്കുമ്പോൾ, ഭയത്തിനോ, ഉൽക്കണ്ഠയ്ക്കോ സ്ഥാന

(ശേഷം 6-ാംപേജിൽ)

(5-ാം പേജിന്റെ തുടർച്ച)

ദൈവത്തിലുള്ള വിശ്വാസത്തോടെ ഭാവിയെ നേരിടുക

മില്ല. നമ്മുടെ സ്വത്തിനോ ഭയത്തിനോ അവിടെ സ്ഥാനമില്ല. " പിശാചിനോട് എതിർത്തു നില്പിൻ. പിശാചിന് ഇടം കൊടുക്കരുത് " (യാക്കോ. 4:7,8; എഫെ. 4:27).

കൊടുങ്കാറ്റുകളിൽ ആമഴവില്ല് കാണുക

ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്. ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളല്ല (യെശ. 55:8-13). അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തം നിശ്ചയമായും നിറവേറണം; "എന്നാൽ യിസഹാക്ക് ജനിക്കുന്ന സമയം അബ്രഹാം ഒരു മൃതപ്രായനായിരുന്നു" (എബ്രാ. 11:8-12).

അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന നമ്മുടെ കർത്താവ് രണ്ട് കള്ളന്മാരുടെ മദ്ധ്യത്തിൽ ക്രൂശിക്കപ്പെട്ടു, ശിഷ്യന്മാർ ചിതറിപ്പോയി. ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം ഇത് ഒരു അർദ്ധരാത്രിയുടെ ഇരുട്ടല്ലേ, ഉച്ചരിച്ചു കൂടാത്ത ഒരു പരാജയമല്ലേ? എന്നാൽ വെറും അൻപത് ദിവസങ്ങൾക്കു ശേഷം ഏറ്റവും ശക്തമായ ഉണർവ്വ് പെന്തെക്കോസ്തു നാളിൽ പ്രത്യക്ഷപ്പെട്ടു. യഹൂദരാഷ്ട്രത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി വരുന്നതിനുമുമ്പ് ആയിരക്കണക്കിന് യഹൂദന്മാർ രക്ഷ പ്രാപിച്ചു. യഹൂദ രാഷ്ട്രത്തിന്മേൽ ന്യായവിധി വന്നു. ഒരു സമയത്തേയ്ക്ക് യഹൂദൻ എന്ന കൊമ്പിനെ മുറിച്ചുമാറ്റി, ജാതികളെ ഒട്ടിച്ചു ചേർത്തു.

കാൽവറി മുതലുള്ള അന്ധകാരമായ ഒരു കാലഘട്ടത്തിൽ നാം ആയിരിക്കുന്നു. യിസ്രയേലിനെ തിരികെ ഒട്ടിക്കുന്നതിനു മുമ്പ് ജാതികളിൽ നിന്നും ഒരു കൂട്ടത്തെ രക്ഷിക്കുവാനായി ഒരു ശക്തമായ മറ്റൊരു പെന്തെക്കോസ്തു അയയ്ക്കേണ്ടതിനായി വിശ്വാസത്തോടെ പ്രാർത്ഥിക്കാം (റോമ. 11:1-32). ദാനിയേലിനെപ്പോലെ ദൈവമായ കർത്താവിലേയ്ക്ക് മുഖം തിരിക്കാം ദൈവത്തിങ്കലേയ്ക്ക് തിരിഞ്ഞ് യെശയ്യാവിനപ്പോലെ ദൈവത്തെ മുറുകെപ്പിടിക്കാം. " യഹോവ വന്ന് നീതി വർഷിപ്പിക്കുന്നതുവരെ പ്രാർത്ഥിക്കാം" (ഹോശ.10:12). ദൈവം വാഗ്ദത്തെ ചെയ്തപ്രകാരം തന്റെ മഹത്വത്തിനായി സകല ജഡത്തിന്മേലും ആത്മാവിനെ പകരേണ്ടതിന് പ്രാർത്ഥിക്കാം (യോവേൽ 2:28-32; യാക്കോ. 5:7).

❖

(4-ാം പേജിന്റെ തുടർച്ച)

പരിശോധനകളെ നേരിടുന്ന ക്രിസ്തീയ മാർഗ്ഗം

അതിന്റെ വിശദീകരണം കണ്ടുപിടിക്കാൻ പരിശ്രമിക്കണം. അതിനോടുള്ള ബന്ധത്തിൽ അപ്പോസ്തലൻ പറയുന്നത്, "അതിൽ നിങ്ങൾ അല്പനേരത്തേയ്ക്ക് നാനാ പരീക്ഷകളാൽ ദു:ഖിച്ചിരിക്കേണ്ടിവന്നാലും ആനന്ദിക്കുന്നു. ദു:ഖിച്ചിരിക്കേണ്ടി വന്നാലും അതാണ് വാസ്തവത്തിൽ രഹസ്യം. യാതൊരു അനിശ്ചതത്വവും ഈ വാക്കുകളിലില്ല. ഇത് ഒരു വ്യവസ്ഥാപിതമായ പ്രസ്താവനയാണ്. നിങ്ങളുടെ ഇഷ്ടമനുസരിച്ച് അതിനെ വ്യാഖ്യാനിക്കാം. അല്പനേരത്തേയ്ക്ക് ഇപ്പോൾ ഇത് ആവശ്യമാണ്. ഇത് ഇങ്ങനെ സംഭവിക്കണം എന്ന കേവലം ഒരു പൊതുപ്രസ്താവനയല്ല. എന്നാൽ ഇത് ശക്തമായ ഒരു പ്രസ്താവനയും ആണ്.

ഇത് അനിഷേധ്യമായ ഒരു പ്രസ്താവനയാണ്. ഇവിടെ പറയുന്നത്. കഷ്ടം സഹിക്കേണ്ടതായ ഒരു സാഹചര്യത്തിലാണ് നീ ആയിരിക്കുന്നത്. അത് കാരണം നിങ്ങൾ അത് സഹിക്കേണ്ടത് ആവശ്യമാണ് എന്ന് തെളിയിക്കപ്പെട്ടിരിക്കയാണ്.

അവിടെ, അപ്പോൾ, ഒരു തത്വം. എല്ലാറ്റിന്റെയും പിന്നിൽ വ്യക്തമായൊരു ഉദ്ദേശം.

ഇത് അവിചാരിതമായി സംഭവിക്കുന്ന ഒരു കാര്യം അല്ല. ജീവിതത്തിന്റെ മൊത്തമായ ഒരു സംവിധാനത്തിന്റെ ഫലമായി സംഭവിക്കുന്ന കാര്യമല്ല. എന്നാൽ അത് ജീവിതത്തിലേയ്ക്ക് വരുന്നു. എന്നാൽ അത് പ്രധാന കാരണമല്ല. അപ്പോസ്തലൻ പറയുന്നത്, ഈ കാര്യങ്ങൾ സംഭവിക്കുന്നു, കാരണം അത് നമ്മുടെ നന്മയ്ക്കുള്ളതാണ്. ഈ ലോകജീവിതത്തിൽ നമ്മുടെ അച്ചടക്ക ജീവിതത്തിന് അത് ആവശ്യമായിരിക്കുന്നു. ദൈവം അതിനെ കല്പിച്ചു തന്നിരിക്കുന്നു.

ആ നിലയിൽ വിശ്വാസ ജീവിതത്തെ നാം കാണണം. ഈ ലോകജീവിതത്തിലുടനീളം നാം സ്വർഗ്ഗീയ പിതാവിന്റെ കണ്ണുകൾ നമ്മെ കാണുന്നു. അത് അടിസ്ഥാനപരമായ കാര്യമാണ്. ഓരോ വിശ്വാസിയും ദൈവവുമായുള്ള പ്രത്യേക ബന്ധത്തിലാണെന്ന് നാം ഓർത്തിരിക്കണം. വിശ്വാസികളല്ലാത്തവരും അങ്ങനെയാണ് എന്ന് അതിന അർത്ഥമില്ല.

എന്റെ മുഴു ജീവിതത്തെയും കുറിച്ച് ദൈവത്തിന് വ്യക്തമായ പദ്ധതികളുണ്ട്. ദൈവം എന്നെ കണ്ടു, ദൈവം എന്നെ ദത്തെടുത്തു തന്റെ കുടുംബത്തിലെ അംഗമായിച്ചേർത്തു. എന്തിനു വേണ്ടി? എന്നെ പൂർണ്ണനാക്കുവാൻ. അതാണ് അവിടുത്തെ ഉദ്ദേശം. " .....തന്റെ പുത്രൻ അനേക പുത്രന്മാരിൽ ആദ്യജാതൻ ആകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയിമിച്ചിരിക്കുന്നു " (റോമർ 8:29). അതാണ് തന്റെ പ്രവൃത്തി. കർത്താവായ യേശു ക്രിസ്തു അനേകം പുത്രന്മാരെ ദൈവത്തിലേയ്ക്ക് കൊണ്ടു വരുന്നു. എന്നിട്ട് പറയുന്നത് ഇതാ, ഞാനും യഹോവ എനിക്കു തന്ന മക്കളും" (യെശ. 8:18). ഈ അടിസ്ഥാന ചിന്താഗതിയോടെ ക്രിസ്തീയ ജീവിതത്തിൽ നാം മുന്നോട്ടു പോകുന്നില്ലെങ്കിൽ നാം വഴി തെറ്റി.വരും ദൈവവചനത്തെ തെറ്റിദ്ധരിച്ചിരിക്കുന്നവരുമാണ്.

ദൈവവചനത്തിന്റെ ഉപദേശം വളരെ ലഘുവും ഈ കാര്യങ്ങളെ നമ്മുടെ ജീവിതത്തിൽ വച്ചിരിക്കുന്നവയും ആകുന്നു. ദൈവം തന്റെ സമയത്ത് ഇവയൊക്കെയും നമ്മുടെ നന്മയ്ക്കായി ചെയ്യുന്നു. നമ്മുടെ ശുദ്ധീകരണത്തിനായി ദൈവം അത് നമ്മിൽ ചെയ്യുന്നു. നമ്മുടെ ഉദാസീനതയെയും തോൽവിയെയും ശിക്ഷിച്ച് പഠിപ്പിച്ച് ദൈവത്തിന് കൊള്ളാകുന്നവരായി നമ്മെ തീർക്കുന്നു.

കൊള്ളാകുന്നവരായിരിപ്പാൻ പത്രോസ് വിശ്വാസികളെ പ്രബോധിപ്പിക്കുന്നു. കേവലം ഒരു സാധാരണ വിശ്വാസിയായിരിപ്പാനല്ല, പൂർണ്ണ വിശ്വാസമുള്ളവരായിരിപ്പാൻ, നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കേണ്ടതിനും, നമ്മെ ശുദ്ധീകരിക്കേണ്ടതിനുമായി കാണുന്ന ഒരു യാഥാർത്ഥ്യം, പ്രബോധനം കൈകൊണ്ടാൽ അത് നമുക്ക് അനുഗ്രഹമായിത്തീരും. പരീക്ഷകൾ വിജയത്തിലേയ്ക്ക് നമ്മെ നടത്തുന്നു. ദൈവത്തിന് മറ്റ് പദ്ധതികളും ഉണ്ട്. അവിശ്വാസികളോടുള്ള ദൈവത്തിന്റെ സമീപനം വിശ്വാസികളുടേതു പോലെയല്ല, തന്റെ മക്കളെ ദൈവം ശിക്ഷിക്കുന്നത് അവരുടെ നന്മയ്ക്കു വേണ്ടിയാണ്.

(ശേഷം 7-ാംപേജിൽ)

(6-ാം പേജിന്റെ തുടർച്ച)

പരിശോധനകളെ നേരിടുന്ന ക്രിസ്തീയ മാർഗ്ഗം

നമ്മെ ഒരുക്കുവാൻ ദൈവം അത് ചെയ്യുന്നു.

ദൈവസഭയേയും വിശുദ്ധന്മാരുടെയും ചരിത്രം പരിശോധിച്ചാൽ കാണുന്ന ദൈവവചനത്തിന്റെ യാഥാർത്ഥ്യം എന്നത്, ഓരോ വിശ്വാസിയിലൂടെയും പ്രവർത്തിപ്പാൻ ദൈവത്തന് ഒരു പദ്ധതിയുണ്ട്. ആ പദ്ധതിയിലൂടെ ദൈവം പ്രവർത്തിക്കുന്നു. ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ സമയബന്ധിതമായി പരീക്ഷയുടെയും വിജയത്തിന്റെയും ചരിത്രം നമുക്ക് കാണാൻ കഴിയും. ഒരുവൻ ഇപ്രകാരമുള്ള പരീക്ഷകളിലൂടെയും പരിശോധനയിലൂടെയും പോകുന്നുവെങ്കിൽ അവന് ഒരു പ്രത്യാശയുള്ളത്. ഒരു വലിയ ദൈവ പ്രവർത്തി അവന്റെ മുമ്പിലുണ്ട്.

യോസേഫിന്റെ ജീവിതം അതിന് ഉദാഹരണമാണ്. ഒരു മ്ലാനമായ ജീവിതത്തെക്കുറിച്ച് ചിന്തിക്കാമോ? എല്ലാം തനിക്ക് എതിരായിത്തീർന്നു. തന്റെ സഹോദരവൃന്ദം തന്നെ ഒഴിവാക്കി. താൻ മിസ്രയീമിലേക്ക് കൊണ്ടുപോകപ്പെട്ടു. ആളുകൾ എല്ലാം തനിക്ക് എതിരായിരുന്നു. ദോഷമായി താൻ ഒന്നും ചെയ്തില്ല. എന്നാൽ എല്ലാം തനിക്ക് എതിരായിരുന്നു. എന്നാൽ ദൈവം തനിക്ക് വേണ്ടി ദൈവം കരുതി വച്ചിരുന്ന ഒരു പദവിയിലേക്ക് തന്നെ ദൈവം ഒരുക്കുകയായിരുന്നു.

വേദപുസ്തകം പറയുന്ന ശ്രേഷ്ഠന്മാരായവരുടെയെല്ലാം ചരിത്രം ഇതാണ്. ദാവീദിനെ നോക്കുക. നിശ്ചയമായും ദൈവത്താൽ ഉപയോഗിക്കപ്പെട്ട ദൈവം ഇയർത്തിയ സകല മനുഷ്യരുടെയും ചരിത്രം ഇതാണ്. അപ്പോസ്തലനായ പൗലൊസും ഇതിൽ നിന്നും വ്യത്യസ്തമല്ല. കൊരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനം 11-ലും 12-ലും കാണുന്ന പൗലൊസിന്റെ ജീവിതാനുഭവങ്ങൾ അതിനുദാഹരണമാണ്.

ദൈവവചനത്തിന്റെ തെളിവുകളിൽ നിന്നും വിശുദ്ധന്മാരുടെ ചരിത്രത്തിൽ നിന്നും കാണുന്ന വസ്തുതകൾ, ഒരു മനുഷ്യനെ ഒരുക്കുന്നത് പരിശോധനയുടെയും കഷ്ടതയുടെയും വഴിയിലൂടെയാണ്.

ചെറിയ പരീക്ഷകളിലൂടെ വലിയ പരീക്ഷകളിലേയ്ക്ക് നടത്തുന്നു. അവിടെ ദൈവത്തിന്റെ സ്നേഹം ജ്വലിക്കുന്നു. ജീവിതത്തിൽ വലിയ ശോധനകൾ വരുമ്പോൾ അത് ഭയാനകമായി തോന്നുമ്പോൾ പെട്ടെന്ന് ദൈവത്തിന്റെ സ്നേഹം നമ്മുടെമേൽ പകർന്ന് ശ്രേഷ്ഠമേറിയ ഒരു മണ്ഡലത്തിലേക്ക് നമ്മെ നടത്തുന്നു. ദു:ഖിച്ചിരിക്കേണ്ടിവന്നാൽ അത് നമ്മുടെ ജീവിതത്തിൽ ആവശ്യം എന്ന് നമ്മുടെ പിതാവ് അറിയുന്നു.

അതുകൊണ്ട് ദൈവവചനത്തിന്റെ തത്വത്തിൽ നിന്നും നാം ആരംഭിക്കണം. ദൈവം നമ്മിൽ ഏറ്റവും മികച്ചത് എന്തെന്നും നമ്മുടെ ആവശ്യം എന്താണെന്നതും അറിയുന്നു. ദൈവം എപ്പോഴും നമുക്കുവേണ്ടി പ്രവർത്തിക്കുന്നു. എന്നാൽ നാം പലപ്പോഴും അത് തിരിച്ചറിയുന്നില്ല. നമ്മുടെ ആവശ്യങ്ങളെ അവിടുന്ന് കാണുകയും നമ്മുടെ ആവശ്യങ്ങൾ നമ്മുടെ സ്വർഗ്ഗീയ പിതാവ് എന്ന നിലയിൽ നമുക്ക് വേണ്ടുന്നതൊക്കെയും ചെയ്തു തരികയും ചെയ്യുന്നു.

വിശ്വാസത്തിന്റെ അതുല്യമായ സ്വഭാവം

രണ്ടാമത്തെ തത്വത്തിലേയ്ക്ക് നമുക്ക് വരാം. അത് വിശ്വാസത്തിന്റെ അതുല്യമായ സ്വഭാവമാണ്. ഏഴാം വാക്യത്തിൽ പത്രോസ് പറയുന്നത് "അഴിഞ്ഞുപോകുന്നതും തീയിൽ ശോധന ചെയ്യുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ തേജസിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും" (1പത്രൊസ് 1:7). എത്ര പ്രധാനമാണ് വിശ്വാസത്തിന്റെ സ്വഭാവം.

വിശ്വാസത്തെ ഇവിടെ പൊന്നുമായി താരതമ്യം ചെയ്യുകയാണ്. സ്വർണ്ണം വിലയേറിയതെങ്കിലും വിശ്വാസത്തേക്കാൾ വിലയേറിയതല്ല. സ്വർണ്ണം നശിച്ചുപോകുന്നു. എന്നാൽ വിശ്വാസം നശിക്കുന്നില്ല. വിശ്വാസം നശിച്ചുപോകാത്തതും നിത്യവുമാണ്. അതിനെക്കുറിച്ചാണ് അപ്പോസ്തലൻ ഇവിടെ പരാമർശിക്കുന്നത്. എത്ര അത്ഭുതകരവും അതിശയകരവുമായ കാര്യമാണിത്. നാം വിശ്വാസത്തിൽ ജീവിക്കുമ്പോൾ, നമ്മുടെ ജീവിതവും വിശ്വാസത്തിൽ അധിഷ്ടിതമായിരിക്കുമ്പോൾ അപ്പോസ്തലനായ പത്രോസ് പറയുന്നത്, ദൈവത്തിന്റെ ദൃഷ്ടിയിൽ അത് വിലപ്പെട്ടതും അതിശയകരവും ആ വിശ്വാസം തികച്ചും ശുദ്ധിയുള്ളതും ആണ് എന്ന് ദൈവം ആഗ്രഹിക്കുന്നു. തീ കൊണ്ട് പൊന്നിനെ ശുദ്ധീകരിക്കുന്നു. നാം പൊന്നിനെ തീയിൽ ശുദ്ധീകരിക്കുമ്പോൾ അതിലെ കീടങ്ങൾ നീങ്ങി ശുദ്ധമായ പൊന്ന് ലഭിക്കുന്നു. നശിച്ചുപോകുന്ന സ്വർണ്ണത്തിനെ ശുദ്ധീകരിക്കാനും ഇത്രത്തോളം ഇവ ശ്രദ്ധിക്കുന്നുവെങ്കിൽ വിലയേറിയ വിശ്വാസത്തിന് വേണ്ടി എത്രയധികം നാം ശ്രദ്ധകൊടുക്കണം.

ഈ തത്വം മനുഷ്യന് ദൈവവുമായ വിശ്വാസവുമായി ബന്ധിപ്പിച്ച് സംസാരിക്കുന്നു. വിശ്വാസം മനുഷ്യനെ നരകത്തിൽ നിന്ന് വിടുവിച്ച് സ്വർഗ്ഗത്തിലാക്കുന്നു. വിശ്വാസം ഈ ലോകത്തേയും സ്വർഗ്ഗത്തേയും തമ്മിൽ ബന്ധിപ്പിക്കുന്നു. മാർമ്മികവും അതിശയകരവുമായ ഈ വിശ്വാസത്തിന് അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചതായ മനുഷ്യനെ യേശുക്രിസ്തുവിൽ പുതിയ സൃഷ്ടിയാക്കി പുതിയ മനുഷ്യനാക്കിത്തീർക്കുന്നു. അതുകൊണ്ട് ഈ വിശ്വാസം വിലയേറിയതായിരിക്കുന്നു. ഇതു വിലയേറിയതായിരിക്കുന്നതുപോലെ വിശ്വാസിയും പൂർണ്ണനായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനുവേണ്ടിയാണ് അപ്പോസ്തലൻ സംസാരിക്കുന്നത്. അതുകൊണ്ട് നാം ഇപ്പോൾ ബഹുവിധമായ പരീക്ഷകളിൽ ആയിരിക്കുന്നു.

വിശ്വാസത്തിന്റെ ബഹുമുഖഭാവങ്ങളെ നമുക്ക് ശ്രദ്ധിക്കാം. നമ്മുടെ വിശ്വാസം പൂർണ്ണമാകണം. വിശ്വാസത്തിന്റെ വിവിധ തലങ്ങളുണ്ട്. ഗുണവിശേഷങ്ങളിൽ വ്യത്യാസമുണ്ട്. വിശ്വാസത്തിന് വിവിധ വശങ്ങളുണ്ട്. നാം അറിയുന്ന പൊതുവായ ഒരു പരിവേഷം വിശ്വാസത്തിനുണ്ട് എന്നും നാം അറിയാത്ത ആഴങ്ങൾ വിശ്വാസത്തിനുണ്ട്. അതിന്റെ പ്രാഥമിക പാഠങ്ങൾ നാം മനസ്സിലാക്കാൻ തുടങ്ങുമ്പോൾ ദൈവം നമ്മെ പരിശോധനകളിലൂടെ കടത്തിവിടുന്നു. ആ പരിശോധനകളിൽ നാം ദൈവവചനത്തിന്റെ ശക്തമായ അടിസ്ഥാനമില്ലെങ്കിൽ വീണുപോകാൻ സാധ്യതയുണ്ട്.

ചിലപ്പോൾ നാം ചിന്തിക്കും എന്റെ വിശ്വാസം പൂർണ്ണമാണ്. എന്തിനെയും

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

പരിശോധനകളെ നേരിടുന്ന ക്രിസ്തീയ മാർഗ്ഗം

നേരിടാൻ എനിക്ക് കഴിയും എന്ന് ചിന്തിക്കും. എന്നാൽ പെട്ടെന്ന് പരിശോധികൾ വരും, പരാജയപ്പെട്ടുപോകും എന്ന് തോന്നും. എന്തുകൊണ്ടാണത്? ആ പരിശോധന സൂചിപ്പിക്കുന്നത്, നമ്മുടെ വിശ്വാസം വളരേണ്ടതുണ്ട് എന്നാണ്. ദൈവം നമ്മുടെ വിശ്വാസത്തെ ഇങ്ങനെയുള്ള പരിശോധനയിലൂടെ വളർത്തിയെടുക്കുകയാണ് ചെയ്യുന്നത്.

പരിശോധനകൾ കൂടുതലായി ജീവിതത്തിൽ വരുമ്പോൾ കൂടുതലായി ദൈവത്തിൽ ആശ്രയിക്കാൻ നാം പഠിക്കുന്നു. നാം സ്വാഭാവികമായി ദൈവത്തിൽ ആശ്രയിക്കുമ്പോൾ ദൈവം നമ്മിൽ സന്തോഷിക്കുന്നു, എന്നാൽ പ്രതികൂലങ്ങൾ വരുമ്പോൾ നാം അത്ഭുതപ്പെടുകയും ദൈവം നമ്മെ സ്നേഹിക്കുന്നില്ലയോ എന്ന് ചിന്തിക്കയും ക്രിസ്തീയ ജീവിതം തന്നെ ഇങ്ങനെയാണോ എന്ന് ചിന്തിക്കയും ചെയ്യുന്നു. പൂർണ്ണമായി ദൈവത്തിൽ ആശ്രയിപ്പാനായി നമുക്ക് കഴിയാതെ വരുമ്പോൾ ദൈവം തന്നെ നേരിട്ട് ഇടപെടുകയും പ്രതികൂലങ്ങളിൽ ദൈവത്തിൽ ആശ്രയിപ്പാൻ നമ്മെ പഠിപ്പിക്കയും നാം വിശ്വാസത്തിൽ വളർന്ന് ഇപ്രകാരം പാടുവാൻ നമുക്ക് കഴിയും ചെയ്യുന്നു.

“ എല്ലാം പ്രതികൂലമാകുമ്പോൾ
നിരാശ നമ്മെ മൂടുമ്പോൾ
ഒരു വാതിൽ നമുക്കായി തുറക്കുന്നു ”
ഒരു കാത് നമ്മുടെ പ്രാർത്ഥ ശ്രദ്ധിക്കുന്നു.

അതാണ് യഥാർത്ഥ വിശ്വാസം. അതാണ് സത്യ വിശ്വാസം. അബ്രഹാമിനെ നോക്കാം. ദൈവം തന്റെ ജീവിതത്തിൽ ഇടപെട്ട് പ്രതീക്ഷകൾക്ക് അപ്പുറത്തുള്ള പ്രത്യാശ പ്രാപിച്ചു. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അബ്രഹാം വിശ്വസിച്ചു. അതാണ് നമ്മുടെ ജീവിതത്തിലുണ്ടാകേണ്ടത്. പ്രതികൂലങ്ങൾ ഇങ്ങനെ പറയുവാൻ കഴിയണം. അതെ, സൂര്യനെ എനിക്ക് ഇപ്പോൾ കാണാൻ കഴിയുന്നില്ലെങ്കിലും ആ മേഘങ്ങൾക്കപ്പുറത്ത് അത് ഉണ്ടെന്ന് ഞാൻ അറിയുന്നു. ദൈവത്തിന്റെ കണ്ണ് എന്നെ കാണുന്നു എന്ന് ഞാൻ അറിയുന്നു. ആ വിശ്വാസം അത്രേ നമ്മുടെ ജീവിതത്തിൽ വളർന്നു വരേണ്ടത്.

ദയയുള്ള സഹിഷ്ണുത

സഹിഷ്ണത, വിജയകരമായി മുന്നോട്ടു പോകുന്നതിനും അധൈര്യപ്പെട്ടുപോകാതിരിപ്പാനും നമ്മെ സഹായിക്കുന്നു. പ്രകൃതിയാൽ നാം ദയയുള്ളവരല്ല. ഒരു കൊച്ചു കുട്ടിയായി നാം ആരംഭിച്ചു. ആദ്യമൊക്കെ ആവശ്യപ്പെടുന്നത് കിട്ടിയില്ലെങ്കിൽ കോപം, വരും, ക്ഷമയില്ലാത്ത വരായി മാറും. പരാതി പറയുന്ന വരും വിഷണ്ണരും ആയി മാറും.

ഇതാണ് പുതിയനിയമത്തിൽ അപ്പോസ്തലന്മാർ പറയുന്ന സ്വഭാവം. എന്നാൽ കാര്യങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും ദൈവത്തിൽ ആശ്രയിപ്പാൻ നമുക്ക് കഴിയണം. നമ്മുടെ ജീവിതയാത്രയിൽ ഇങ്ങനെ പറയുവാൻ നമുക്ക് കഴിയണം. എന്റെ ആവശ്യവും അവസ്ഥയും ദൈവം അറിയുന്നു, ഞാൻ ദൈവത്തിൽ ആശ്രയിക്കും. “ അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും ” (ഇയ്യോ, 13:15). അതാണ് സഹിഷ്ണത.

അല്പനേരത്തേയ്ക്ക്

അപ്പോസ്തലനായ പൗലൊസിന്റെ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ് “മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല, ദൈവം വിശ്വസ്തൻ നിങ്ങൾക്ക് കഴിയുന്നതിനുമീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹിക്കാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ പോക്കുവഴിയും ഉണ്ടാക്കും ” (1കൊരി. 10:13).

ദൈവം നമുക്കു ജീവിക്കുന്ന പിതാവാണ്. നമുക്ക് സഹിക്കാനും നില്ക്കാനും ഉള്ള കഴിവ് ദൈവത്തിനറിയാം. അതിലധികം നമ്മെ പരീക്ഷിക്കയില്ല. നമ്മുടെ ആവശ്യം അവിടുത്തേയ്ക്കറിയാം. അത് നമുക്ക് തരും. നാം പ്രതികരിച്ചാൽ അതിനെ തിരികെയെടുക്കും. അല്പനേരത്തേയ്ക്ക് വേണ്ടിയുള്ളതാണ്. വിശ്വാസിയുടെ ഭാരം ഇറക്കിവയ്ക്കാനുള്ള വാക്കുകളല്ലേ ഇത്? എല്ലാം ഇരുളായി തോന്നുന്നുവോ? ഒരു സമയത്ത് പ്രാർത്ഥനയിൽ അനുഭവിച്ച സ്വാതന്ത്ര്യം ഇപ്പോൾ ഇല്ലേ? ഒരു സമയത്ത് ഉണ്ടായിരുന്ന വിശ്വാസം നഷ്ടപ്പെട്ടുപോയാ?

ഭാരപ്പെടേണ്ട, നിങ്ങൾ പിതാവിന്റെ കൈകളിലാണ്, ഒരു നല്ല സമയം നിങ്ങൾക്ക് വരുന്നുണ്ട്. അവിടുന്ന് അനുഗ്രഹിക്കും. ദൈവത്തിന്റെ പ്രവൃത്തി നിങ്ങൾക്ക് വേണ്ടിയുണ്ട്. എറിഞ്ഞുകളയേണ്ട. അല്പനേരത്തേയ്ക്ക് മാത്രമുള്ളതാണ്. നിങ്ങൾ സ്നേഹവാനായ പിതാവിന്റെ കൈകളിലത്രേ, അതുകൊണ്ട് ആശ്രയിച്ച് മുന്നോട്ടു പോക എന്നിട്ട് പറയൂ, ഞാൻ ജീവിക്കുന്നത് അവിടുത്തേയ്ക്കു വേണ്ടിയാണ്. അവിടുത്തെ ഇഷ്ടം ചെയ്യുവാൻ വേണ്ടിമാത്രം.

ആനന്ദിക്കുന്നു

ഇപ്രകാരമുള്ള പരീക്ഷകൾ വരുമ്പോൾ ഒരു കാര്യം ഓർക്കുക, അതിൽ നിങ്ങൾ ആനന്ദിക്കുന്നു. ഇവിടെ നമുക്ക് ചിലത് ചെയ്യുവാനുണ്ട്. പരീക്ഷകൾ വരുമ്പോൾ മുമ്പിൽ കാണുവാനായി ഒന്നും കാണുകയില്ല - മേഘങ്ങൾ മാത്രം. ആ സമയം ഈ അദ്ധ്യായത്തിലെ മൂന്നാം വാക്യത്തിലേയ്ക്ക് നോക്കാം. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന് സ്തോത്രം”. അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുദ്ധാനത്താൽ തന്റെ കരുണാധിക്യപ്രകാരം ജീവനുള്ള പ്രത്യാശയ്ക്കായി അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരുന്നതും, ക്ഷയം മാലിന്യം, വാട്ടം എന്നിവയില്ലാത്തതുമായ അവകാശത്തിനായി തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു ” (1 പത്രോ. 1:35).

ഓർക്കുക, എന്നിട്ട് പറയുക: അതെ, ഈ കാര്യങ്ങൾ സംഭവിക്കുന്നു. ഈ പരീക്ഷകൾ എനിക്ക് ചുറ്റും ശക്തിയായും വേഗത്തിലും വരുന്നു. നാലുവശത്തുനിന്നും അതു വരുന്നു. അതിന്റെ കീഴിൽ ഞാൻ ഇരുന്നുകൊണ്ട് പറകയില്ല: അയ്യോ എനിക്ക് കഷ്ടം. എന്നാൽ ഞാൻ പറയും. ദൈവം നല്ലവനാണ്. യേശു എനിക്ക് വേണ്ടി മരിച്ചു എന്ന് ഞാൻ അറിയുന്നു. ഞാൻ ദൈവത്തിന്റെ വകയാണ്. എന്ന് അറിയുന്നു. എന്റെ അവകാശം സ്വർഗ്ഗത്തിൽ അത് സൂക്ഷിക്കുന്നു. എന്നും ആർക്കും അത് അപഹരിക്കുവാൻ സാദ്ധ്യമല്ല എന്നും ഞാൻ അറിയുന്നു. “ അതുകൊണ്ട് നാനാ പരീക്ഷകളാൽ ദു:ഖിച്ചിരിക്കേണ്ടിവന്നാലും ഞങ്ങൾ ആനന്ദിക്കുന്നു ”.

(ശേഷം അടുത്ത ലക്കം)

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975